# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1328** **12.03.2015-ൽ മറുപടിക്ക്**

## കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(സി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) & (സി) തിരുവനന്തപുരം ബൈപ്പാസ് - ദേശീയപാത 47 ൽ വരുന്ന കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെ 43 കി.മീറ്റർ ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോട് കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീറ്റർ ഭാഗത്തിന്റെ പണിയ്ക്കുള്ള ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ബാക്കി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.<br>കൊല്ലം ബൈപ്പാസ് - ദേശീയപാത 47 ലെ കാവനാട് (കി.മീ 486/500) തുടങ്ങി മേവറം (കി.മീ 499/500) വരെയുള്ള 13 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി. നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.<br>ആലപ്പുഴ ബൈപ്പാസ് - ദേശീയപാത 47 ലെ കൊമ്മാടി (കി.മീ 408/100) മുതൽ കളർകോട് (കി.മീ.414/900) വരെയുള്ള 6.80 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ തീരുമാനി |

ച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി. നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ നിർമ്മാണ ത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന തിനുള്ള വിശദമായ പദ്ധതി രേഖ (DPR) കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

തലശ്ശേരി-മാഹി ബൈപ്പാസ് - 18 കി.മീറ്റർ ദൂരം വരുന്ന തലശ്ശേരി - മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി.മീറ്റർ ദൂരം രണ്ട് വരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ സ്റ്റാന്റ് എലോൺ പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ